# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2698

12.02.2019-ലെ മറുപടി

## എ.ഡി.ബി.യുടെ ധനസഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ എ.ഡി.ബി.യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | നിലവിൽ തിരുവനന്തപുരം കൊച്ചി എന്നീ നഗരങ്ങളിലാണ് എഡിബി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം (ഭാഗികം) കൊച്ചി എന്നീ നഗരങ്ങളിൽ എഡിബിയുടെ ധനസഹായത്താൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ എ.ഡി.ബി നിയോഗിച്ച കൺസൾട്ടൻസി വഴി പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സംസ്ഥാന പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, അമൃത്, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം പ്രവൃത്തിയെ ബാധിക്കാറുണ്ട്. |
| (സി) | പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കാലതാമസം ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായും മറ്റ് ബന്ധപ്പെട്ട വകുപ്പുമായും ബന്ധപ്പെട്ട് ഉന്നതതല യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ